## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **4119**

**25.06.2014** ൽ മറുപടിക്ക്

### കിള്ളിയാർ സംരക്ഷണ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പാലോട് രവി | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിലെ കിള്ളിയാർ സംരക്ഷിക്കുന്നതിനും നവീകരണ പ്രവൃത്തികൾക്കുമായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ എത് ഏജൻസിയെയാണ് പ്രോജക്ട് തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത്; | (എ) & (ബി) | തിരുവനന്തപുരം ജില്ലയിലെ കിള്ളിയാറിന്റെയും കരമനയാറിന്റെയും നഗരാതിർത്തിയിലുള്ള ഭാഗങ്ങളുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള വെള്ളപ്പൊക്ക നിവാരണത്തിനും മലിനീകരണ നിയന്ത്രണത്തിനും വേണ്ടി പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് RITES എന്ന സ്ഥാപനത്തെ സർക്കാർ ഉത്തരവ് നമ്പർ 658/12/ജ.വി.വ തീയതി 02-06-12 പ്രകാരം നിയോഗിച്ചിട്ടുണ്ട്. അവരുടെ കരട് പഠനറിപ്പോർട്ട് ഇതിനകം തന്നെ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ വെള്ളപ്പൊക്ക നിവാരണത്തിനായി ഹ്രസ്വകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾക്കായി സർക്കാർ ഉത്തരവ് നമ്പർ സ.ഉ (സാധാ) നം. 117/12/ജ.വി.വ തീയതി 23-01-12 പ്രകാരം 20 കോടി രൂപയുടെ ഭരണാനുമതിയും കരമന-കിള്ളി നദികളിൽ നിന്നും കാടും എക്കലും നീക്കാൻ 2.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ടി പണികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ കേരള സംസ്ഥാന ശാസ്ത്ര പരിസ്ഥിതി കൗൺസിലിന്റെ ഫണ്ട് വിനിയോഗിച്ച് കിള്ളിയാറിൽ മൈലാടിക്കടവിൽ തടയണ നിർമ്മാണം പൂർത്തീകരിക്കുകയും മരുതൻകുഴി വിയറിന്റെ പുനരുദ്ധാരണ പദ്ധതികൾക്ക് ദർഘാസിൻമേൽ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. |
| (സി) എന്നാണ് പ്രസ്തുത ഏജൻസിയെ ചുമതലപ്പെടുത്തിയതെന്നും കാലാവധി എത്രയെന്നും വ്യക്തമാക്കുമോ; | (സി) | 10-10-12 ൽ RITES മായി ഉണ്ടാക്കിയ എഗ്രിമെന്റ് പ്രകാരം വെള്ളപ്പൊക്ക നിവാരണത്തിനുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിന് 18-4-2013 വരെയും മലിനീകരണ നിവാരണത്തിനുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിന് 18-06-2013 വരെയും കാലാവധി നൽകിയിരുന്നു. എന്നാൽ പദ്ധതിയുടെ പഠനത്തിന് ഈ സമയം അപര്യാപ്തമായതിനാൽ RITES ആവശ്യപ്പെട്ടതനുസരിച്ച് ആദ്യം 30-09-13 വരെയും തുടർന്ന് 30-04-14 വരെയും |

| | | | |
|---|---|---|---|
| | | | കാലാവധി നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കരട് റിപ്പോർട്ടിലെ പോരായ്മകൾ പരിഹരിക്കുന്നതിനും സർക്കാർ തലത്തിൽ അവതരിപ്പിക്കുന്നതിനും വേണ്ടി 30-09-14 വരെ സമയം ദീർഘിപ്പിച്ചു നൽകണമെന്ന് RITES വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രോജക്ട് തയ്യാറായിട്ടുണ്ടെങ്കിൽ അത് എത്ര രൂപയുടേതാണെന്നും പദ്ധതിക്ക് അംഗീകാരം നൽകേണ്ടത് ആരാണെന്നും വ്യക്തമാക്കുമോ; | (ഡി) | RITES നടത്തിയ വിവിധ പഠനങ്ങളുടെ അടിസ്ഥാനത്തിൽ വെള്ളപ്പൊക്ക നിവാരണത്തിന് 434.15 കോടി രൂപയും മാലിന്യ നിർമ്മാർജ്ജനത്തിന് 650 കോടി രൂപയുടെയും ചെലവു വരുന്ന പദ്ധതി നിർദ്ദേശങ്ങൾ കരട് റിപ്പോർട്ടിൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളാണ് പദ്ധതിക്ക് അംഗീകാരം നൽകേണ്ടത്. |
| (ഇ) | പ്രസ്തുത പദ്ധതി ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ